ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് ഇക്കഴിഞ്ഞ മൂന്നുവർഷങ്ങളിൽ നെൽകൃഷിയുടെ ചെലവിൽ വർദ്ധനവ് ഉണ്ടായതായാണ് കാണുന്നത്. കൂലിച്ചെലവ്, വിത്തിന്റെ വില, വളത്തിന്റെ വില, കീടനാശിനിയുടെ വില എന്നിവയ്ക്ക് ഓരോവർഷവും നിരക്ക
കൂടിയിട്ടുള്ളതായി കാണുന്നു.

(സി) സംസ്ഥാനത്ത് നെൽകൃഷിവികസനത്തിനായി സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതിപ്രകാരം 2004-05-ൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 800 ലക്ഷം രൂപയ്ക്കുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചും ഒരു പരിധിവരെ യന്ത്രവൽക്കരണം നടപ്പിലാക്കിയും ഉല്പാദനച്ചെലവ് കുറയ്ക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. നെൽകൃഷിയ്ക്ക് പൂർണമായി വൈദ്യുതി സൗജന്യം നൽകുന്നതുകൂടാതെ കൊയ്ത്തുകാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉൽപാദിപ്പിക്കുന്ന നെല്ലിനു ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉൽപാദനോപാദികൾ ലഭ്യമാക്കുവാനും സംസ്ക്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗ്രൂപ്പുഫാമിംഗ് പദ്ധതിപ്രകാരം ആയിരം രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

തെങ്ങിന്റെ രോഗബാധ തടയാനുള്ള സാങ്കേതിക വിദ്യ

60 [2923] ശ്രീ. ടി. കെ. ബാലൻ:
,, മഞ്ഞളാംകുഴി അലി:
,, ടി. കെ. ദേവകുമാർ:
,, വി. കെ. സി. മമ്മത്കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന്റെ രോഗബാധ തടയാനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും നാളികേര ഉല്പന്ന വൈവിധ്യവത്ക്കരണത്തിനും എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇതിനായി ആവിഷ്ക്കരിച്ചിട്ടുള്ള ഏതെല്ലാം പദ്ധതികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്ന് പറയാമോ;

(സി) ഓരോ പദ്ധതികൾക്കും വേണ്ടി ഇതിനകം എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനും മേൽത്തരം തൈകൾ വച്ചുപിടിപ്പിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം ജില്ലകളിൽ രോഗം ബാധിച്ച തെങ്ങുകളാണ് മുറിച്ചുമാറ്റിയതെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലചീയൽ, ചെന്നീരൊലിപ്പ്, മണ്ഡരി എന്നിവയാണ് തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. ഇതിൽ കാറ്റുവീഴ്ച ഒഴികെയുള്ള രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് സാങ്കേതിക വിദ്യ നിലവിലുണ്ട്. ഫൈറ്റോപ്ലാസ്മ എന്ന സൂക്ഷ്മാണുക്കളാണ് കാറ്റുവീഴ്ച രോഗം ഉണ്ടാക്കുന്നത്. ഇതു തടയുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങളൊന്നും നാളിതുവരെ കണ്ടുപിടിച്ചിട്ടില്ല. എന്നാൽ രോഗത്തിന്റെ പ്രാരംഭ ഘട്ടത്തിൽ മെച്ചപ്പെട്ട പരിചരണം നൽകി ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും.

ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിന് "കൃഷിയിൽ സ്ത്രീ പങ്കാളിത്തം" എന്ന പദ്ധതിവഴി വെളിച്ചെണ്ണ, ചിപ്സ് എന്നിവ ഉണ്ടാക്കുന്ന ചെറിയ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. കൂടാതെ സി.ഡി.ബി., സി.പി.സി.ആർ.ഐ. കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി, സി) സി.ഡി.ബി.-യുടെ സഹായത്തോടെ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ 250 രൂപ ധനസഹായം നൽകി മുറിച്ചുമാറ്റുന്നതിന് ഹെക്ടറിന് 35,000 രൂപ നൽകി. കാറ്റുവീഴ്ച രോഗപ്രതിരോധ നടപടികൾക്ക് ഊന്നൽ നൽകുന്ന പരിചരണമുറകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും 20,000 രൂപ ഒരു യൂണിറ്റിന് സഹായം നൽകിക്കൊണ്ട് ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതി നടപ്പിലാക്കിവരുന്നു. ഓരോ പദ്ധതിയ്ക്കും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഉണ്ട്.

(ഇ) കോഴിക്കോട്, മലപ്പുറം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, തൃശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി ചെലവഴിച്ച തുക 11,85,73,500 രൂപ.

തെങ്ങിന്റെ കാറ്റുവീഴ്ച രോഗത്തിനും മണ്ഡരി രോഗത്തിനും ജൈവ ചികിത്സ

61 [2924] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന്റെ കാറ്റുവീഴ്ച രോഗത്തിനും മണ്ഡരി രോഗത്തിനും ഫലപ്രദമായ ജൈവ ചികിത്സ കണ്ടെത്തിയതായ റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly